ഭരണഭാഷ - മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ
ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com 04712561307
11-02-2026

ED1/8331/24/DTE

**പരിപത്രം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ക്ലാസ്സ് IV / സബോഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ₹ 26500 - 60700 വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം - പരിത്യാഗം/താല്പര്യ പത്രം സമർപ്പിക്കുന്നത് - സംബന്ധിച്ച

വായന: 1.03.02.2026 ലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംസ്ഥാന തല അന്തിമ DTETVM/2194/2025-EG4 നമ്പർ സീനിയോറിറ്റി പട്ടിക
2 .07.12.1991 ലെ സ.ഉ (പി) നം. 39/91/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്.
3. 16.03.2023 ലെ സ.ഉ.(അച്ചടി)നം4/2023/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
4.07.08.2025 ലെ സ.ഉ.(അച്ചടി)നം12/2025/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വായന (1) പ്രകാരം സംസ്ഥാന തല അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിൽ നിലവിൽ വന്നിട്ടുള്ള ഒഴിവുകളിലേക്ക് തസ്തിക മാറ്റ നിയമനത്തിന് അർഹത നേടിയിട്ടുള്ളതുമായ ക്രമ നമ്പർ 100 വരെയുള്ള ജീവനക്കാർ ടി തസ്തിക മാറ്റ നിയമനം സ്ഥിരം/താൽക്കാലികമായി പരിത്യജിക്കുവാൻ താല്പര്യമുള്ളവർ അപേക്ഷ സൂചന (2) സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന നിശ്ചിത മാതൃകയിലും, തസ്തികമാറ്റ നിയമനം മുഖേന ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നേടാൻ ആഗ്രഹിക്കുന്ന ജീവനക്കാർ ചുവടെയുള്ള മാതൃകയിൽ സമ്മതപത്രവും 18.02.2026 തീയതിയിൽ 4 മണിക്ക് മുൻപായി edsectiondte@gmail.com എന്ന ഇ-മെയിൽ മുഖേന സമർപ്പിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു

പ്രൊഫോർമ

| ക്രമ നം | സൂചന സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ | ജീവനക്കാരന്റെ പേര്,പെൻ നമ്പർ, സ്ഥാപനം | തസ്തിക മാറ്റ നിയമനം നേടുന്നതിന് സമ്മതമാണോ | MOP പാസ്സായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം | ഏതെങ്കിലും അച്ചടക്ക നടപടികൾ നിലവിലുണ്ടെങ്കിൽ പ്രസ്തുത വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | | |

നിബന്ധനകൾ

1. തസ്തിക നിയമനത്തിന് താൽപ്പര്യമുള്ള ജീവനക്കാരുടെ സമ്മത പത്രം പ്രൊഫോർമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.സമ്മത പത്രം സമർപ്പിക്കാത്ത ജീവനക്കാരെ നിയമനത്തിനായി പരിഗണിക്കുന്നതല്ല.

2. നിശ്ചിത സമയ പരിധിക്ക് ശേഷം ലഭിക്കുന്നതോ ഭാഗികമായതോ ആയ അപേക്ഷകൾ യാതൊരു കാരണ വശാലും പരിഗണിക്കുന്നതല്ല.

3. തസ്തിക നിയമനം പരിത്യജിച്ചിട്ടുള്ളവരും ഈ സർക്കുലർ പ്രകാരം വീണ്ടും അപേക്ഷിക്കേണ്ടതാണ്.

4.സ്ഥാപന മേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ പെട്ടു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.അല്ലാത്ത പക്ഷം ജീവനക്കാരുടെ പരാതിയ്ക്ക് ഉത്തരവാദി സ്ഥാപന മേധാവി ആയിരിക്കും.മേൽ ജീവനക്കാരുടെ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5. മേൽ സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം ലഭിച്ചതിന് ശേഷം പ്രസ്തുത തസ്തികമാറ്റ നിയമനം പരിത്യജിക്കുവാൻ സാധിക്കുന്നതല്ല. സ്ഥാപനത്തിൽ അപേക്ഷ സ്വീകരിക്കുന്ന സമയം ഇക്കാര്യം ജീവനക്കാരനെ ബോധ്യപ്പെടുത്തേണ്ടതാണ്.

6.തസ്തികമാറ്റ നിയമനം മുഖേന ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നേടാൻ ആഗ്രഹിക്കുന്ന ജീവനക്കാർ സൂചന (3),(4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടെസ്റ്റ് യോഗ്യത (MOP) **നേടുന്നതിനുള്ള നടപടി സ്വീകരിച്ച് സമയ പരിധിക്കുള്ളിൽ ടെസ്റ്റ് യോഗ്യത നേടിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും,സമയ പരിധിക്കുള്ളിൽ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്ത ജീവനക്കാരെ റിവേർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്** എന്ന് അറിയിക്കുന്നു.

ഉള്ളടക്കം ;ലിസ്റ്റ്

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്.

1.ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും/ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)

2. ഈ ഓഫീസ് കരുതൽ സഞ്ചയം

Signed by
Jayaprakash P
Date: 11-02-2026 16:54:19